കേരള സർക്കാർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അനങ്ങനടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട് ജില്ലാ കാര്യാലയം

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ .പി.കെ.ഡി.16-89/2017 കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

തീയതി-11/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അനങ്ങനടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്ത് - 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.16-89/2017 തിയ്യതി:-11/01/2017

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2015 - 16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.05.2016 മുതൽ 29.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.11.2016 മുതൽ 9.12.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം

| | |
|---|---|
| ശ്രീമതി.യു. പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രദീഷ്. എം | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി എം.ദേവയാനി - 1.4.2015 മുതൽ 30.9.2015 വരെ |
| | ശ്രീ.രഞ്ജിത്ത്.എൻ.ആർ - 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണി.കെ - 1.4.2015 മുതൽ 30.4.2015 വരെ |
| | ശ്രീ പ്രദീപ് പാസ്കൽ - 2.5.2015 മുതൽ 29.7.2015 വരെ (ഇൻ ചാർജ്ജ്) |
| | ശ്രീ.ബാബു.ഒ.എ - 30.7.2015 മുതൽ 31.3.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രദീപ് പാസ്കൽ | 1.4.2015 – 23.1.2016 |
| | ശ്രീമതി. ചുരത്തിൽ ഗംഗ | 25.1.16 – 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അഭിലാഷ് കൃഷ്ണൻ | 1.4.2015 – 4.8.2015, |
| | ശ്രീ.പ്രഭാകരൻ. എൻ | 5.8.2015 – |

| | | |
|---|---|---|
| | | 31.3.2016 |
| കൃഷി ഓഫീസർ | ശ്രീ.രഘുകുമാർ | 1.4.2015 – 18.12.2015 |
| | ശ്രീ.അഷ്ജാൻ.കെ.എം | 19.12.2015 – 31.3.2016 |
| വി. ഇ. ഒ | ശ്രീ.ദീപക്ക് കെ.കെ | 1.4.2015 – 3.12.2015 |
| | ശ്രീ.പരമേശ്വരൻ .പി | 4.12.2015 – 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നസീമ എം | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഗിരിജ സജീവ് | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. സിനി.പി.എം | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അബ്ദുൾറഷീദ്. കെ | 1.4.2015 – 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ. സുജിത്.എം.എസ് | 1.4.2015 – 23.7.2015 |
| | ഡോ.ലേഖ ഗ്രിഗോറിയസ് | 24.7.2015 – 6.1.2016 |
| | ഡോ. ഫാത്തിമ റഹീം | 7.1.2016 – 31.3.2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ്

പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് ഇംപാക്ട് – വസ്തു നികുതി പുനർനിർണ്ണയിച്ചത് | 2(1) |
| 2 | വസ്തു നികുതി - ഓഫീസ് കെട്ടിടത്തിന് അനർഹമായ ഇളവ് നൽകി | 2(2) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് | 3(1) |
| 2 | പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണം സംബന്ധിച്ച് | 3(2) |
| 3 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- അടവിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 3(3) |
| 4 | പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർവ്വഹണം നടത്തേണ്ടതാണ് | 3(4) |
| 5 | പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ സൂക്ഷിച്ചിട്ടില്ല | 3(5) |
| 6 | പദ്ധതി വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3(6) |
| 7 | ഇ.എം.എസ് ഭവനം – പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(7) |
| 8 | നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 3(8) |
| 9 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3(9) |
| 10 | അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം | 3(10) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|
| 1/26.3.15 |

### 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.7.16 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 20650558 | 27809195 | 48459753 | 40288795 | 8170958 |

### 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2588538 | 7203588 | 9792126 | 8539023 | 1233103 | 0 |
| വികസന ഫണ്ട് | 3091023 | 6587000 | 9678023 | 8136180 | 1541843 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 596185 | 1279000 | 1875155 | 1833703 | 41452 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2113871 | 2320000 | 4433871 | 2301807 | 2132064 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1284078 | 2965529 | 4249607 | 4130588 | 119019 | 0 |
| ലോക ബാങ്ക് സഹായം | 766338 | 0 | 766338 | 766338 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 148 | 115 | 1 | 32 | |

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 10 | 8 | 2359451 | 1722151 | 73 |
| അസി. സെക്രട്ടറി | 5 | 5 | 2440000 | 2440000 | 100 |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 2 | 2 | 313378 | 243136 | 78 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| കൃഷി ഓഫീസർ | 5 | 5 | 2025815 | 1496315 | 74 |
| വെറ്ററിനറി സർജൻ | 3 | 3 | 662000 | 449000 | 68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2716840 | 2060513 | 76 |
| വി.ഇ.ഒ | 6 | 5 | 6914200 | 2313700 | 33 |
| അസി. എഞ്ചിനീയർ | 111 | 82 | 22287602 | 17332235 | 78 |

നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ വകയിരുത്തിയ തുകയുടെ 50% ത്തിൽ താഴെ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എച്ച്.എം. നിർവ്വഹണോദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ യാതൊരു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2379014 | 2703009 | 323995 | 13.62 |
| നികുതിയേതര വരവുകൾ | 753208 | 542281 | -210927 | -28 |
| മറ്റ് വരവുകൾ | 4855 | 22422 | 17567 | 361.8 |
| ആകെ | 3137077 | 3267712 | 130635 | 4.16 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3 | 2 | 1 |
| 2 | തൊഴിൽ രഹിത വേതനം | 4 | - | 4 |
| 3 | വിധവാ പെൻഷൻ | 52 | 45 | 7 |
| 4 | വികലാംഗ പെൻഷൻ | 7 | 6 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 5 | 2 |
| 6 | വാർദ്ധക്യകാല പെൻഷൻ | 185 | 177 | 8 |

### 1-9 കാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 922/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10.8.2016-11.8.2016 | 2/2016 മുതൽ 5/2016 വരെ | 26.9.2016 | - |
| 2 | അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ് | 23.1.2016-6.2.2016 | 2013-14 മുതൽ 2014-15 വരെ | 4.3.2016 | - |

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഓഡിറ്റ് ഇംപാക്ട് - വസ്തുനികുതി അപാകതകൾ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് വസ്തുനികുതി പുനർ നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയിനത്തിൽ നടത്തിയ പരിശോധനയിൽ തറ വിസ്തീർണ്ണം വളരെക്കുറവ് കാണിച്ചുകൊണ്ട് നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വസ്തുനികുതി നഷ്ടം വരുന്നതായി കണ്ടെത്തുകയും ആയത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചു.

a) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വസ്തുനികുതി ഗാർഹിക കെട്ടിടമായി നിർണ്ണയിച്ചിരിക്കുന്നു.

ശ്രീ.കെ.ടി. ഉമ്മർ, കരിമ്പനത്തോട്ടത്തിൽ, ഇടക്കാട്- പാവുക്കോണം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുകൾ നിലയിലുള്ള IV/475 കെട്ടിട നമ്പറിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കോതകുറിശ്ശി ശാഖ വാടകയ്ക്ക് പ്രവർത്തിക്കുന്നത്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ എന്നിവ പ്രകാരം 40 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള ടി കെട്ടിടം പാർപ്പിടാവശ്യമുള്ള കെട്ടിടമായി കണക്കാക്കി 131 രൂപയാണ് വാർഷിക വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.




ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ ഒരു നില മുഴുവനമായി ബാങ്ക് പ്രവർത്തിക്കുന്ന ഹാളിന് 40 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തിയത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, ഓഫീസ് ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത് പുനപരിശോധിക്കാൻ നിർദ്ദേശിച്ചു കൊണ്ടും ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (എൻക്വയറി നം-09/18.12.2016) ഗ്രാമപഞ്ചായത്ത് അധികൃതർ ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 235.83 ചതുരശ്രമീറ്റർ ഉണ്ടെന്ന് കണ്ടെത്തുകയും വസ്തുനികുതി 11320/- രൂപയായി പുനർ നിർണ്ണയിക്കുകയും ചെയ്തു.

b) കോതകുറിശ്ശി സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല.

നാലാം വാർഡിൽ 464 മുതൽ 468 വരെ കെട്ടിട നമ്പറുകളിലായി പ്രവർത്തിക്കുന്ന കോതകുറിശ്ശി സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു. (നിർണ്ണയ രജിസ്റ്റർ, സഞ്ചയ എന്നിവ പ്രകാരം).

| കെട്ടിട നം | തറ വിസ്തീർണ്ണം | ഉപയോഗം |
|---|---|---|
| 464 | താഴത്തെ നില – 30 ച.മീ | ഓഫീസ് |
| 465 | താഴത്തെ നില – 60 ച.മീ | വാണിജ്യം - പ്രസ് |
| 466 | താഴത്തെ നില – 30 ച.മീ | വാണിജ്യം |
| 467 | താഴത്തെ നില – 20 ച.മീ | ഓഫീസ്-ഗോഡൗൺ |
| 468 | താഴത്തെ നില – 15 ച.മീ | വാണിജ്യം-ഗോഡൗൺ |
| 469 | താഴത്തെ നില – 15 ച.മീ | വാണിജ്യം-ഗോഡൗൺ |

കെട്ടിടത്തിന്റെ ചിത്രം താഴെക്കൊടുക്കുന്നു.



ഏകദേശം 250 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള മെയിൻ ഓഫീസ് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 30 ചതുരശ്രമീറ്റർ മാത്രമാണ് വസ്തുനികുതി നിർണ്ണയിക്കുന്നതിനായി കണക്കാക്കിയിരിക്കുന്നത്. ഹെഡ് ഓഫീസ്, സായാഹ്ന ഒഴിവുദിന ശാഖ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾ നില പൂർണ്ണമായും ഓഫീസുകൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും മുകൾ നിലയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടേയില്ല. യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കാതെയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം-09/18.12.2016) നൽകിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ സ്ഥല പരിശോധന നടത്തി മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചു. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം നിർണ്ണയിച്ചതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| കെട്ടിട നം | തറ വിസ്തീർണ്ണം |
|---|---|
| 464 | 504.5 ച.മീ |
| 465 | 67 ച.മീ |
| 466 | 60 ച.മീ |
| 467 | 10.67 ച.മീ |
| 468 | 14.17 ച.മീ |
| 469 | 68.37 ച.മീ |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തുനികുതി ഈടാക്കുന്നത് കൃത്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്.

## 2-2 ഓഫീസ് കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ അനർഹമായി കിഴിവ് നൽകിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർ നിർണ്ണയിച്ചതിൽ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 27.04.2015ലെ സ.ഉ(എം.എസ്) നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല.

ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാതിരുന്നിട്ടും അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചതിന്റെ ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ് /കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ടപ്രകാരം പുനർ നിർണ്ണയിച്ച യഥാർത്ഥ നികുതി (സഞ്ചയ) | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച നികുതി (പഴയ നികുതി + 150 % വർദ്ധനവ് ) | കുറവ് |
|---|---|---|---|---|---|---|
| 1 | II/287 | ശ്രീ.അബ്ദുൾ നാസർ മുതൽപേർ - കെ.എസ്.ഇ.ബി | 137 | 1200 | 274 | 926 |
| 2 | II/10 | വില്ലേജ് ഓഫീസ്, പനമണ്ണ | 289 | 3000 | 723 | 2277 |
| 3 | II/42 | ശ്രീ.മൊയ്തീൻ, പറക്കാട്ടിൽ | 154 | 13200 | 385 | 12185 |
| 4 | II/225 | ശ്രീ.കെ.സെയ്തലവി, കുന്നത്ത് വീട് | 131 | 5720 | 328 | 5392 |
| 5 | X/70 | ശ്രീ.മുഹമ്മദ് കുട്ടി, കൊടക്കാട്ടുകണ്ണിയിൽ | 20 | 2240 | 50 | 2190 |
| 6 | X/419 | ശ്രീ.മൊയ്തു, ഏഴുപൊതിയിൽ | 140 | 1496 | 350 | 1146 |
| 7 | X/445 | ശ്രീ.സോമൻ, മാത്തോടി പരിയാരത്ത് | 36 | 1536 | 90 | 1446 |
| 8 | XV | സെക്രട്ടറി, ക്ഷീരോത്പാദക സഹകരണ സംഘം | 385 | 2907 | 963 | 1944 |
| ആകെ | | | | | | 27506 |

നികുതിവർദ്ധനവ് പരിമിതപ്പെടുത്തിയതുലൂടെ ഒരോ വർഷവും 27506/- രൂപ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. അനർഹമായി നൽകിയ കിഴിവ് പരിശോധനാവിധേയമാക്കി, വസ്തുനികുതി പുനപരിശോധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3 - 1 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

പഞ്ചായത്തിന്റെ പരിധിയിൽ ആകെ 19 കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളത്. ഇതിൽ പഞ്ചായത്ത് നേരിട്ട് പരിപാലിച്ചു വരുന്ന 10കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

| |
|---|
| പനമണ്ണ |
| കാഞ്ഞിരം നവോദയം |
| കരിമ്പനത്തോട്ടം |
| പനമണ്ണ അമ്പലവട്ടം |
| ആലാച്ചി |
| 5 -ാം മൈൽ |
| പത്താംകുളം |
| വെള്ളിനാംകുന്ന് |
| അയ്യപ്പൻതറ |
| ഗണപതിപ്പാറ |

മേൽപറഞ്ഞ പദ്ധതികളിൽ നിന്നും ഗാർഹിക/ഗാർഹികേതരാവശ്യങ്ങൾക്കായുള്ള കണക്ഷനുകൾ അനുവദിച്ചിട്ടില്ല. പൊതുടാപ്പുകൾ മാത്രമാണ് നിലവിലുള്ളത്. പദ്ധതികളുടെ ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

ചെലവ് :

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 3,85,537/- |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | സന്നദ്ധ സേവനമായി നിർവ്വഹിക്കപ്പെടുന്നതിനാൽ ചിലവില്ല. |
| മറ്റ് അനുബന്ധ ചെലവുകൾ (റിപ്പയർ ചാർജ്ജുകൾ) | 14,650/- |
| ആകെ | 4,00,187/- |

മേൽ പദ്ധതികൾ പ്രകാരം പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ വിവരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പരിമിതമായ സാഹചര്യത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംരക്ഷണം സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ) നം. 1275/2009/ത.സ്വ.ഭ.വ 30.05.09ലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുകയാണെങ്കിൽ മേൽപറഞ്ഞ ചെലവ് ഒഴിവാക്കാവുന്നതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ പരമാവധി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കുന്നതിന് ഭരണസമിതിയോട് ആവശ്യപ്പെടുന്നു.

## 3 - 2 പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളിലൂടേയുള്ള ശുദ്ധജല വിതരണം - സംബന്ധിച്ച്.

മേൽ വിവരിച്ച പദ്ധതികൾക്കു പുറമേ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ഓഡിറ്റ് കാലയളവിൽ 212 പൊതു ടാപ്പുകൾ പ്രവർത്തിച്ച് വന്നിരുന്നവയിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണം 167 ആയി ജല അതോറിറ്റിയുടെ സഹായത്തോടെ ഓഗസ്റ്റ് 2016ന് പുനർ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 212 പൊതു ടാപ്പുകൾക്കായി മാർച്ച് 2016-നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്ത് അടവാക്കിയ വെള്ളക്കരം 92750/-രൂപയാണ്. ജലം ലഭ്യമാകുന്നവയ്ക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂയെന്ന് ഉറപ്പ് വരുത്തുന്നതിനായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ പഞ്ചായത്ത് അടവാക്കുന്ന വെള്ളക്കരത്തിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിക്കുമെന്നും, പൊതുടാപ്പുകളുടെ ഉപയോഗം ഘട്ടംഘട്ടമായി നിർത്തണമെന്നുമുള്ള മേൽപ്പറഞ്ഞ നിർദ്ദേശം നടപ്പിലാക്കുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3 -3 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അടവിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

12-03-2013-ലെ സർക്കാർ ഉത്തരവ് നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധനയിലൂടെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ പഞ്ചായത്ത് തിട്ടപ്പെടുത്തുകയോ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പടുത്തുകയോ ചെയ്തിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

| തെരുവ് വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| സി.എഫ്.എൽ | 545 | 14 | 7,630/- |
| സോഡിയം വേപ്പർ ലാംബ് | 15 | 414 | 6,210/- |
| ഓർഡിനറി ബൾബ് | 80 | 94 | 7,520/- |
| ട്യൂബ് ലൈറ്റ് | 81 | 124 | 10,044/- |
| ആകെ | 721 | 646 | 31,404/- |

മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതിചാർജ്ജ് അടവാക്കുകയാണെങ്കിൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരും. ആയത് ഒഴിവാക്കുവാനും അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പോയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുവാനുള്ള നടപടികൾ കൂടെ സ്വീകരിച്ചാൽ പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതിചാർജ്ജ് ഇതിലും കുറക്കുവാൻ സാധിക്കും. ആയതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3 -4 പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർവ്വഹണം നടത്തേണ്ടതാണ്

1.പ്രോജക്റ്റ് നം- S0015/16

പട്ടിക ജാതി വിദ്യാർത്ഥിനികൾക്ക് മേശയും, കസേരയും

അടങ്കൽ - 400,000/-

ചെലവ് – 4,00,000/-(100 കുട്ടികൾക്ക് 4000/- രൂപ വീതം)

| ബിൽ നം./ തിയതി | തുക |
|---|---|

| | |
|---|---|
| 1/15-16/26/9/15 | 4,00,000/- |

2..പ്രോജക്ട് നം.:S00.16/16

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും, കസേരയും

അടങ്കൽ : 400,000/-

ചെലവ് : 4,00,000/-(100 കുട്ടികൾക്ക് 4000/- രൂപ വീതം)

| ബിൽ നം. / തിയതി | തുക |
|---|---|
| 2/15-16/26/9/15 | 4,00,000/- |

മേൽപറഞ്ഞ 2 പദ്ധതികളിലും 8,00,000/- (4,00,000+4,00,000) രൂപ വികസന ഫണ്ട് വിനിയോഗിച്ച് 100പട്ടിക ജാതി വിദ്യാർത്ഥിനികൾക്കും, 100പട്ടിക ജാതി വിദ്യാർത്ഥികൾക്കും മേശയും, കസേരയും വാങ്ങി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ താഴെ നൽകുന്നു :

മേശേയും കസേരയും അനുവദിച്ച സ്ഥാപനത്തിന്റെ പേര് :- സിഡ്കോ.

ഇൻവോയ്സ് നം : SMC/OLR/15-16/0095

തിയതി : 31/7/15

200 സ്റ്റീൽ ടേബിൾ തുക 6,27,948/-

200 പ്ലാസ്റ്റിക്ക് മോൾഡഡ് ചെയർ തുക 70,742/-

വാറ്റ് : 1,01,310/-

ആകെ 8,00,000/-(6,27,948+70,742+1,01,310 = 8,00,000)

ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.13 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ മേൽപറഞ്ഞ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

1)സ്റ്റീൽ/മരം എന്നിവയിൽ നിർമ്മിച്ച ടേബിൾ, ചെയർ എന്നിവ മാത്രമേ വാങ്ങി അനുവദിക്കാവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണത്തിന് അനുവദിനീയമായ അടങ്കലിൽ നിന്നും പ്ലാസ്റ്റിക്ക് ഇനങ്ങൾ വാങ്ങുവാൻ നിർബന്ധിതമായി എന്നാണ് അറിയിച്ചിരിക്കുന്നത്.

2)ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന വ്യവസ്ഥയ്ക്ക് പകരം ഗ്രാമ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത് ഫർണീച്ചർ ലഭ്യമാക്കിയവരിൽ നിന്നും അക്വിറ്റൻസിൽ കൈയൊപ്പ് വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

3.ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെ പദ്ധതി നിർവ്വഹണം ആയതിന് ആസ്പദമായ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3 -5 പദ്ധതി നിർവ്വഹണത്തിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം :- S0131/16 – ഭവന പുനരുദ്ധാരണം

അടങ്കൽ :4,40,000/-

ചെലവ് : 4,40,000/- (22 ഗുണഭോക്താക്കൾക്ക് 20,000/-രൂപ വീതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

| ബിൽ നം. / തിയതി | ചെലവ് തുക |
|---|---|
| 1102/19/1/16 | 80,000/- |
| 1129/24/2/16 | 60,000/- |
| 1142/29/2/16 | 40,000/- |
| 1167/14/3/16 | 60,000/- |

| | |
|---|---|
| 1189/26/3/16 | 1,20,000/- |
| 1192/26/3/16 | 80,000/- |
| ആകെ | 4,40,000/- |

മേൽപറഞ്ഞ പദ്ധതി നിർവ്വഹണത്തിനായി തിരഞ്ഞെടുത്ത 22 ഗുണഭോക്താക്കളുടേയും അപേക്ഷ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ 22 ഗുണഭോക്താക്കളേയും 2015-16 വർഷത്തെ ജനകീയാസൂത്രണ പ്രോജക്ടുകളിൻമേൽ ഗ്രാമസഭ മുഖേന സ്വീകരിച്ച അപേക്ഷകൾ കർമ്മസമിതി പരിശോധിച്ച് അംഗീകരിച്ച് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് പദ്ധതി നിർവ്വഹിച്ചതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ഭാവിയിൽ മേൽ സാഹചര്യത്തിന് ഇട വരുത്താതെ പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3 -6 അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ എന്നിവർ നടപ്പിലാക്കിയ പദ്ധതികൾക്കായി അനുവദിച്ച വിഹിതങ്ങൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾക്കായി അനുവദിച്ച താഴെപറയുന്ന വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

1.പ്രോജക്ട് നം : SO130/16 – ഐ.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം.

അടങ്കൽ :8,00,000/-(40 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം)

ചെലവ് :7,60,000/- (38 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം) മേൽപറഞ്ഞ പദ്ധതി വിഹിതം ഒറ്റപ്പാലം ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് കൈമാറിയതിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

| ബിൽ നം./തിയതി | ചെലവ് തുക | ചെക്ക് നം./തിയതി |
|---|---|---|
| 1101/15-16/19.1.16 | 7,40,000/- | 597219/20.1.16 |
| 1169/15-16/14.3.16 | 20,000/- | 948049/14.3.16 |

തുക അനുവദിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.a) വി.ഇ.ഒ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾക്കായി അനുവദിച്ച താഴെപറയുന്ന വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

പ്രോജക്ട് നം :SO001/16

പേര് :IAY പഞ്ചായത്ത് അധിക വിഹിതം

ബിൽ നം/തീയതി : 106/15-16/20.1.16

അടങ്കൽ :6,20,000/-

ചെലവ് :6,00,000/-(30 ഗുണഭോക്താക്കൾക്ക് 20,000/- വീതം)

ഡി.ഡി.നം./തിയതി :943001/22/1/16

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്,ഒറ്റപ്പാലത്തിന് തുക കൈമാറിയിട്ടുണ്ട്.

b)പ്രോജക്ട് നം :SO001/16 – IAY പഞ്ചായത്ത് അധിക വിഹിതം

അടങ്കൽ :6,20,000/-

ചെലവ് :20,000/-

ബിൽ.നം/തിയതി : 630/0101132/15-16/26/2/16

ചെക്ക് നം./തിയതി :947440/29/2/16

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്,ഒറ്റപ്പാലത്തിന് തുക കൈമാറിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3 - 7 ഇ.എം.എസ് ഭവന പദ്ധതി - പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2009-10 വർഷത്തിലെ ഇ.എം.എസ് ഭവന പദ്ധതി (ജനറൽ) പ്രകാരം 88 ഗുണഭോക്താക്കളിൽ 85 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഒരാൾ കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടുണ്ട്. ഭാഗികമായി ധനസഹായം കൈപ്പറ്റി ഓഡിറ്റ് കാലയളവിലും പണി പൂർത്തിയാക്കാത്ത ബാക്കി 2 ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ നൽകുന്നു :

| ഗുണഭോക്താക്കളുടെ പേര് | പ്രോജക്റ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | ചെക്ക്.നം. | തീയതി | ബാക്കി |
|---|---|---|---|---|---|
| ഷാജി,ട/oവേലായുധൻ, വടപ്പറമ്പിൽ,പനമണ്ണ | 75,000/- | 22,500/- | 065879 | 4/10/11 | 52,500/- |
| രാജ്കുമാർ,ട/o രാരു, പുനത്തിക്കുണ്ടിൽ,പനമണ്ണ | 75,000/- | 15,000/- | 727055 | 29/9/10 | 30,000/- |
| „ | „ | 30,000/- | 065903 | 21/11/11 | „ |

മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകി ആയത് നടപ്പിലാക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3 - 8 നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും പിൻവലിക്കപ്പെടാത്ത നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

പഞ്ചായത്തിൽ വിവിധ ഉദ്ദേശങ്ങൾക്കായി നിക്ഷേപിക്കപ്പെട്ട നിരതദ്രവ്യം ആയത് നിക്ഷേപിച്ച വ്യക്തികൾ മൂന്ന് വർഷക്കാലം കഴിഞ്ഞിട്ടും തിരികെ ആവശ്യപ്പെടാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ഈ തുകകൾ സ്വരൂപിക്കണം എന്ന് കേരള ഫിനാൻഷ്യൽ കോഡ് നിഷ്കർഷിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ കാലാവധി കഴിഞ്ഞിട്ടും ഇ.എം.ഡി. ആയി നിക്ഷേപിക്കപ്പെട്ട 5950/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് സ്വരൂപിക്കപ്പെടാതെ അവശേഷിക്കുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3 - 9 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത്പ്രവൃത്തികൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം നടപ്പിലാക്കിയ 82 മരാമത്ത് പ്രവൃത്തികളിൽ 80 എണ്ണവും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നടപ്പിലാക്കി യിട്ടുള്ളത്. സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ആകെ ചെലവായ 17332235/-രൂപയിൽ 98% ചെലവും ഗുണഭോക്തൃ സമിതികളാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് നം.(എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ, സർക്കുലർ നം- 1/1559/2010/സി.ഇ/ത.സ്വ.ഭ.വ /13.11.2014 എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ നിർവ്വഹിക്കുകയോ, ചെലവ് രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃസമിതിയുടെ മിനട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). നിർവ്വഹണോദ്യോഗസ്ഥൻ എംബുക്കിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കി മാത്രമാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.

2. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ, ഗ്രാമസഭയിൽ വെക്കുകയോ ചെയ്തിട്ടില്ല.വരവ്-ചെലവ് കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നില്ല.

2. പണമിടപാടുകൾക്ക് സമിതി ചെയർമാന്റെയും, കൺവീനറുടെയും പേർക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

3. വരവ്-ചെലവ് കണക്ക് പുസ്തകം, വൗച്ചറുകൾ, ദൈനം ദിന ഡയറി എന്നിവ ഹാജരാക്കിയിട്ടില്ല .

4. മസ്റ്റർ റോളുകളിൽ തൊഴിലാളികൾ, കൺവീനർ/ചെയർമാൻ എന്നിവർ തീയതി വെച്ച് ഒപ്പിടുന്നില്ല. ആയത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. തുക കൈപ്പറ്റിയതിന് രസീതുകൾ ഒപ്പിടുവിച്ച് വാങ്ങി മസ്റ്റർ റോളിന്റെ അനുബന്ധമായി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ഫയലുകളിലും നിർമ്മാണ സാമഗ്രികളുടെ കാഷ് ബില്ലുകൾ ഇല്ല. റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമെൻ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടില്ല.

ഉദാഹരണം - 1). കന്നിക്കാട് കോളനി റോഡ് മെറ്റലിങ്ങ്, ടാറിംഗ് (പ്രൊജക്റ്റ് നം - 36/16)

2). പുന്നടി റോഡ് റീടാറിംഗ് (പ്രൊജക്റ്റ് നം -27/16). കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി BPCL ൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കൺവീനർ നേരിട്ട് ബിറ്റുമെൻ വാങ്ങിയിട്ടുണ്ട്.ചെമ്മങ്കോട് റോഡ് മെറ്റലിങ്ങ്, ടാറിംഗ് എന്ന പ്രവൃത്തിയിൽ വാങ്ങിയ ബിറ്റുമെൻ മുഴുവനായും വിനിയോഗിച്ചതായി കാണുന്നില്ല. ടാറിംഗ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുമ്പോൾ ബാലൻസ് ടാർ മറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുവാൻ കഴിയുന്നില്ല.

6.ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല.

7. സർക്കുലർ നം- 1/1559/2010/സി.ഇ/ത.സ്വ .ഭ.വ /13.11.2014 ലെ വ്യവസ്ഥ അനുസരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാവുന്നതല്ലെന്നിരിക്കെ താഴെ പറയുന്ന ഓഫീസ് കെട്ടിടങ്ങളുടെ മെയ്ന്റനൻസ് സമിതികൾ മുഖേന നിർവ്വഹിച്ചു കാണുന്നു.

1. പഞ്ചായത്ത് ഓഫീസ്

2. എ.ഇ/ വി.ഇ.ഒ ഓഫീസ്

3. പി.എച്ച്.സി

4.വെറ്ററിനറി ഹോസ്പിറ്റൽ/ കൃഷി ഭവൻ

8. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾ - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല്ല. 2014-15 സാമ്പത്തിക വർഷം ഭരണാനുമതി/സാങ്കേതികാനുമതി ലഭ്യമായ താഴെ പറയുന്ന പ്രവൃത്തികൾ 2015-16-ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. സാങ്കേതികാനുമതി ലഭിച്ചതിനു ശേഷം എഗ്രിമെന്റിൽ ഏർപ്പെടുന്നതിനും കാലതാമസം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | അടങ്കൽ | കൺവീനർ | സാങ്കേതികാനുമതി തീയതി | എഗ്രിമെന്റ് തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|
| 79/15<br>71/16 | പാലക്കോട് - പുല്ലാനിക്കാട്- വളയഞ്ചിറ കുടിവെള്ളപദ്ധതി | 100000 | സൈനുദ്ദീൻ | 29.11.14 | 23.3.15 | 23.3.16 |
| 142/16 | കുമുള്ളിൻകാട് കുടിവെള്ളപദ്ധതി | 100000 | കെ. ഉണ്ണികൃഷ്ണൻ, കോതകുർശ്ശി | 26.6.15 | 17.12.15 | 22.2.16 |
| 140/16 | കന്നിക്കാട് കോളനി കുടിവെള്ളപദ്ധതി | 100000 | ചാമി, പനമണ്ണ | 26.6.15 | 25.11.15 | 22.2.16 |
| 65/15 | പൂളക്കുണ്ട് കോളനി റോഡ് സൈഡ് സംരക്ഷണം | 200000 | സുനീഷ് പി.കെ | 25.10.14 | 23.3.15 | 30.7.15 |

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് നടപ്പിലാക്കുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് എന്നിവർ ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന്മേൽ ഭരണസമിതിയുടെ പ്രത്യേക

ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ (ആർ.ടി) 1288/15/ത.സ്വ.ഭ.വ തീയതി 30.4.15 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെൻഡർ മുഖേന നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തിക വർഷം ഒറ്റപ്പാലം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് പഞ്ചായത്തിന്റെ അധികച്ചുമതല നൽകിയിട്ടുള്ളത്. കൂടാതെ ഓവർസിയർ ഗ്രേഡ്-Iനും രണ്ട് പഞ്ചായത്തുകളുടെ ചുമതലയാണ് നിർവ്വഹിക്കുവാനുള്ളത്. ഈ സാഹചര്യത്തിൽ സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനോ, പ്രവൃത്തികൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുവാനോ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3 -10 ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അംഗണവാടികളുടെ എണ്ണം | 26 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ,ഹെൽപ്പർ) | 26+26 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 6 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 26 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | 8 |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല. |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 12 |
| 8 | ഫാൻ ഇല്ലാത്തവ | 12 |
| 9 | ബേബി ഫ്രണ്ട്‌ലി ടോയ് ലറ്റ് ഇല്ലാത്തവ | 20 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 26 |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 10 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | ഇല്ല |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അംഗണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അംഗണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടൊയലറ്റ്, എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4.ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അംഗണവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

5.കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദുരീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ അംഗണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയ്യാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ കൂടി പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 225000 | സമഗ്ര നെൽകൃഷി ഉഴവുകൂലി | - | 225000 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 185415 | ടി | 185415 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| - ഒന്നുമില്ല - | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ഭവന വായ്പ | സ.ഉ(സാധാ) നം.100/2010 /ത.സ്വ.ഭ.വ തീയതി 24.3.2010 | 3518625 | 2463036 | 951862 | - | 1511173 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2011-12 | 3 - 16 | 400 | രാജേശ്വരി ഹെഡ്ക്ലാർക്ക് | 11504100267/2.5.15 |
| 2012-13 | 3 - 10 | 3181 | ഉണ്ണികൃഷ്ണൻ, കരാറുകാരൻ | 11504100026/9.4.16 |
| | | 7158 | കെ.എം. ഗോപാലകൃഷ്ണൻ, കരാറുകാരൻ | 11504100077/16.4.16 |
| 2012-13 | 3 - 12 | 6933 | അഭിലാഷ് കൃഷ്ണൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 11504100019/7.4.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27809195 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40288795 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഒന്നുമില്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഒന്നുമില്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിററ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8/308/9818-6-1998 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | LfP8/849/02/19-92002 | -ടി- |
| 1998-99 | Lfp14/848/02/9-9-2002 | -ടി- |
| 1999-00 | Lfp14/896/063-11-2008 | -ടി- |

| | | |
|---|---|---|
| 2000-01 | Lfp14/870/06/30-11-2009 | -ടി- |
| 2001-02 | Lfp14/871/06/30-11-2009 | -ടി- |
| 2002-03 | Lfp14/872/06/30-11-2009 | -ടി- |
| 2003-04 | Lfp14/873/06/30-11-2009 | -ടി- |
| 2004-05 | Lfp17/12/17-9-2012 | -ടി- |
| 2005-06 | Lfp16/12/10-4-2013 | -ടി- |
| 2006-07 | Lfp16/19/20-9-2012 | -ടി- |
| 2007-08 | Lfp1618576-5-13/ | -ടി- |
| 2008-09 | Lfp16/966/17-7-12 | -ടി- |
| 2009-10 | Lfp16/965/12/3-8-12 | -ടി- |
| 2010-11 | Lfp16/859/13/2-12-2013 | -ടി- |
| 2011-12 | Lfp16/1274/14/21/10/2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | Lfp16/188/2015/7-3-2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | KSA PKD 16/1191 /2016/14.7.2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 4-10 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്ന.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, അനങ്ങനടി | 9.7.2007<br>12.11.2012 ന് പുനസംഘടിപ്പിച്ചു | സമർപ്പിച്ചി-ട്ടില്ല | - | - | - | ചെയ്യിട്ടില്ല | - |
| 2 | ഗവ.ഹോമിയോ ഡിസ്പെൻസറി, അനങ്ങനടി | 26.5.2007 | സമർപ്പിച്ചി ട്ടില്ല | - | - | - | ചെയ്യിട്ടില്ല | - |
| 3 | പി.എച്ച്.സി, അനങ്ങനടി | 30.4.2007 | 2009-10 മുതൽ 2015-16 വരെ | 28.5.16 | - | റിപ്പോർട്ട് പുറപ്പെടുവി ച്ചിട്ടില്ല | ചെയ്യിട്ടില്ല | - |

## Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

### Audit Certificate

Certified that I have examined the Annual Financial Statement of ANANGANADI GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of ANANGANADI GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

### Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director